പതിമൂന്നാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2014-2016)

## എൺപത്തി എട്ടാമത് റിപ്പോർട്ട്

(2015 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2014-2016)

## എൺപത്തി എട്ടാമത് റിപ്പോർട്ട്

## മലബാർ സിമന്റ്സ് ലിമിറ്റഡിനെക്കുറിച്ചുള്ള സ്വതന്ത്ര പഠനം സംബന്ധിച്ച്

753/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| സമിതിയുടെ ശിപാർശകളും/നിർദ്ദേശങ്ങളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രികയും | .. | 2 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. എൻ. എ. ഖാദർ

അംഗങ്ങൾ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എ. എ. അസീസ്

ശ്രീ. പി. കെ. ഗുരുദാസൻ

ഡോ. എൻ. ജയരാജ്

ശ്രീ. എളമരം കരീം

ശ്രീ. ടി. എൻ. പ്രതാപൻ

ശ്രീ. പാലോട് രവി

ശ്രീ. എസ്. ശർമ്മ

ശ്രീ. പി. തിലോത്തമൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ എൺപത്തി എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2006-08)-യുടെ മലബാർ സിമന്റ്സ് ലിമിറ്റഡിനെ സംബന്ധിച്ച മുപ്പത്തി ഒന്നാമത് റിപ്പോർട്ട് 2007 ജൂലൈ 11-ാം തീയതി സഭയിൽ സമർപ്പിച്ചു. (2014-16)-ലെ സമിതി ടി റിപ്പോർട്ടിലെ ശിപാർശകൾക്ക് സർക്കാരിൽനിന്നും ലഭിച്ച നടപടി പത്രിക പരിഗണിച്ചു.

19-6-2015-ന് ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എൻ. എ. ഖാദർ,<br>
*ചെയർമാൻ,*<br>
*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2015 ജൂലൈ 2.

# റിപ്പോർട്ട്

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2006-08)-യുടെ മലബാർ സിമന്റ്സ് ലിമിറ്റഡിനെ സംബന്ധിച്ച 31-ാമത് സ്വതന്ത്രപഠന റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സമിതി (2006-08)-യുടെ 31-ാമത് റിപ്പോർട്ട് 2007 ജൂലൈ 11-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ 15 ശിപാർശകൾ ഉൾപ്പെട്ടിരുന്നു.

പ്രസ്തുത ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രിക 9-2-2009-ന് ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഖണ്ഡിക 7, 13, 16, 17 എന്നിവയിൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രിക അംഗീകരിക്കുകയും ഖണ്ഡിക 4, 5, 6, 8, 10, 11, 12, 14, 15, 18, 19 എന്നിവയിൽ അധികവിവരങ്ങൾ ആരായുകയും ചെയ്തു. പ്രസ്തുത അധികവിവരങ്ങളും ഖണ്ഡിക 7, 13, 16, 17 എന്നിവയുള്ള പുതുക്കിയ മറുപടിയും 14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## സമിതിയുടെ ശിപാർശകളും/നിർദ്ദേശങ്ങളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രികയും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | ശിപാർശകൾ/നിർദ്ദേശങ്ങൾ | സർക്കാർ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 4 | വ്യവസായം | സ്ഥലപരിമിതിമൂലം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുപോലും ബുദ്ധിമുട്ട് നേരിടുന്നു എന്ന വസ്തുത കണക്കിലെടുത്ത് കമ്പനിക്ക് ചേർത്തലയിൽ ആവശ്യമായിവരുന്ന സ്ഥലം കമ്പനിയോട് ചേർന്നുകിടക്കുന്ന കെ.എസ്.ഐ.ഡി.സി.യുടെ വക സ്ഥലത്തു നിന്നും ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥകൾക്കു വിധേയമായുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും 2 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |
| | | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ 2 ഏക്കർ സ്ഥലം വാങ്ങുന്നതു സംബന്ധിച്ച നടപടി പൂർത്തിയായോ എന്നും ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുമുള്ള വിശദവിവരം നൽകുക. | കെ.എസ്.ഐ.ഡി.സി. അനുവദിച്ചുതന്ന 2 ഏക്കർ സ്ഥലം വെള്ളക്കെട്ടുള്ളതും കമ്പനിക്ക് ഉപകാരപ്രദമല്ലാത്തതുമായിരുന്നു. ആയതിനാൽ പ്രസ്തുത 2 ഏക്കർ വാങ്ങേണ്ടതില്ലെന്ന് കമ്പനി തീരുമാനിക്കുകയും അതിനുവേണ്ടി അടച്ച തുക കെ.എസ്.ഐ.ഡി.സി.ക്ക് കൊടുക്കുവാനുള്ള തുകയിൽ വകയിരുത്തുവാനും തീരുമാനിച്ചു. ആയതിന്റെ വെളിച്ചത്തിൽ കമ്പനി കെ.എസ്.ഐ.ഡി.സി.ക്ക് കൊടുക്കുവാനുള്ള മുഴുവൻ തുകയും അടച്ചുതീർത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 5 | ,, | കമ്പനിയുടെ പ്രവർത്തനം സ്വകാര്യ സ്ഥാപനങ്ങളോട് മത്സരിക്കത്തക്കവിധം മെച്ചപ്പെടുത്തുന്നതിനായി വിശദമായ വർക്ക് സ്റ്റഡി നടത്തണമെന്നും ആധുനിക സാങ്കേതിക വിദ്യ മലബാർ സിമന്റ്സ് ഫാക്ടറിയിൽ കൊണ്ടുവരാനുള്ള നിർദ്ദേശം വർക്ക് സ്റ്റഡിയിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വിശദമായ ഒരു വർക്ക് സ്റ്റഡി നടത്തുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങുന്നതാണ്. |
| | | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u> | |
| | | | മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും കമ്പനിയുടെ പ്രവർത്തനം സ്വകാര്യ സ്ഥാപനങ്ങളുമായി മത്സരിക്കത്തക്കവിധം മെച്ചപ്പെടുത്തുന്നതിനായി അടിയന്തരമായി വർക്ക് സ്റ്റഡി നടത്തി 2 മാസത്തിനകം ആ വിവരം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. | കമ്പനിയിൽ വിശദമായ ഒരു വർക്ക് സ്റ്റഡി നടത്തുവാനായി നാഷണൽ കൗൺസിൽ ഫോർ സിമന്റ് ആന്റ് ബിൽഡിംഗ് മെറ്റീരിയൽസ് (NCBM) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ ഏർപ്പാടു ചെയ്യുവാൻ കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചുവെങ്കിലും, NCBM അവർക്ക് സ്റ്റഡി നടത്തുന്നതിനുള്ള നിസ്സഹായാവസ്ഥ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 176-ാമത്തെ ബോർഡ് മീറ്റിംഗിൽ കമ്പനി വേറൊരു മാർഗ്ഗം തേടുന്നതിന് തീരുമാനിച്ചു. വിശദമായ അന്വേഷണ നടപടികൾക്ക് ശേഷം ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | TAFE-CON Pvt. Ltd. എന്ന കമ്പനിയെ സ്റ്റഡി നടത്തുന്നതിനായി നിയോഗിച്ചു. ആ സ്ഥാപനം സ്റ്റഡി നടത്തുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. ആ റിപ്പോർട്ടിനെക്കുറിച്ച് വിവിധ തലങ്ങളിൽ ചർച്ച നടത്തിയതിനു ശേഷം 182-ാമത്തെ ബോർഡിന്റെ അംഗീകാരത്തോടെ വിവിധ നൂതന പദ്ധതികൾ കമ്പനിയിൽ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. കമ്പനിയിൽ അത് നടപ്പിലാക്കുവാൻ വേണ്ടി മുതിർന്ന ഓഫീസർമാരുടെ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. കൂടാതെ ഇതേ കമ്പനിയോട് തന്നെ മാനവവിഭവശേഷിയെക്കുറിച്ച് പഠിക്കുവാനും അതിന്റെ റിപ്പോർട്ട് പെട്ടെന്ന് സമർപ്പിക്കുവാനും ആവശ്യപ്പെടുകയുണ്ടായി. |
| 3 | 6 | വ്യവസായം | വെള്ളൂരിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിയിൽ പ്രതിദിനം ഏകദേശം 130 ടണ്ണോളം ഫ്ളൈ ആഷ് ഉണ്ടാകുന്നുണ്ട്. ഇപ്പോൾ ഇത് കൊച്ചിൻ സിമന്റ്സ് ലിമിറ്റഡെന്ന സ്വകാര്യ സ്ഥാപനത്തിന് പൂർണ്ണമായും സൗജന്യമായി നൽകുകയാണെന്ന് | എച്ച്.എൻ.എൽ.-ൽ നിന്നും ഇപ്പോൾ ഫ്ളൈ ആഷ് ലഭ്യമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | സമിതി മനസ്സിലാക്കുന്നു. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിൽ ഉണ്ടാകുന്ന ഫ്ളൈ ആഷിന്റെ 50 ശതമാനമെങ്കിലും ന്യായമായ വിലയ്ക്ക് മലബാർ സിമന്റ്സിന് നൽകുന്നതിന് സമ്മർദ്ദം ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സമിതി ആവശ്യപ്പെട്ട അധികവിവരം<br><br>ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിയിൽനിന്നും ഇപ്പോൾ എത്ര ഫ്ളൈ ആഷ് ലഭ്യമാക്കുന്നുണ്ടെന്നും മലബാർ സിമന്റ്സിന് ഇപ്പോൾ ആവശ്യമുള്ള ഫ്ളൈ ആഷ് എത്രയാണെന്നും കൂടുതൽ ഫ്ളൈ ആഷ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിൽ നിന്നും ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും കൊച്ചിൻ സിമന്റ്സ് ലിമിറ്റഡിന് സൗജന്യമായി ഫ്ളൈ ആഷ് നൽകുന്നതുമായി ബന്ധപ്പെട്ട് കരാർ നിലവിലുണ്ടോ എന്നുമുള്ള വിശദവിവരം ലഭ്യമാക്കുക. | വെള്ളൂരിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പേപ്പർ ലിമിറ്റഡിനെ പലപ്രാവശ്യം ഫ്ളൈ ആഷ്-നുവേണ്ടി സമീപിച്ചെങ്കിലും ഇതുവരെ അവരിൽ നിന്നും അനുകൂലമായ ഒരു മറുപടിയും ലഭിച്ചിട്ടില്ല. അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന ഫ്ളൈ ആഷ് കൊച്ചിൻ സിമന്റ്സ് എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകുന്നതിനായി കരാർ നിലവിലുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മലബാർ സിമന്റ്സ് ലിമിറ്റഡ് മേട്ടൂരിൽ ഉള്ള TANGEDCO-ന്റെ വൈദ്യുതി നിലയത്തിൽ (സർക്കാർ സ്ഥാപനം) നിന്നും ഫ്ളൈ ആഷ് വാങ്ങുവാനുള്ള കരാർ ഒപ്പിച്ചിട്ടുണ്ട്. 405 ടൺ വീതം ദിവസേന ലഭിച്ചുകൊണ്ടിരിക്കുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | 7 | വ്യവസായം | ക്ലിങ്കർ ഉൽപ്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് പുതിയ ഗ്രൈൻഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മലബാർ സിമന്റ്സിന്റെ ഇപ്പോഴത്തെ വാർഷിക ക്ലിങ്കർ ഉൽപ്പാദനശേഷി 420000 എം.ടി. ആണ്. ഇത് ഉയർത്തുവാനുള്ള സാധ്യത വളരെ കുറവാണ്. മാത്രവുമല്ല കമ്പനിയുടെ സ്വന്തം ചുണ്ണാമ്പുകല്ല് ഖനിയുടെ കാലാവധി കണക്കിലെടുക്കുമ്പോൾ ക്ലിങ്കർ ഉൽപ്പാദനം കൂട്ടുന്നതിനുള്ള മുതൽമുടക്ക് അഭികാമ്യമല്ല. അതുകൊണ്ട് പുതുതായി ഗ്രൈൻഡിംഗ് യൂണിറ്റുകൾ തുടങ്ങിയാൽ തന്നെ കമ്പനിയിൽ നിന്ന് ക്ലിങ്കർ ആവശ്യത്തിന് ലഭ്യമാവില്ല.<br>പുതുക്കിയ മറുപടി<br>മലബാർ സിമന്റ്സിന്റെ പണ്ടാരത്ത് മൈൻസിൽ നിന്നും ലഭിക്കുന്ന ചുണ്ണാമ്പുകല്ല് ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. ഇപ്പോഴത്തെ സ്ഥിതിയിൽ തന്നെ ഉത്പാദനം മുന്നോട്ടുപോയാൽ ഏകദേശം 15 വർഷത്തേക്കുള്ള ചുണ്ണാമ്പുകല്ല് ശേഖരം മാത്രമേ നിലവിലുള്ളു. |

ആയതിനാൽ കിട്ടാവുന്നിടത്ത് നിന്നെല്ലാം ചുണ്ണാമ്പുകല്ല് വാങ്ങിയാണ് ഇപ്പോഴത്തെ ഉൽപ്പാദനം തന്നെ ക്രമീകരിക്കുന്നത്. പക്ഷെ, പുറത്തുനിന്നും ന്യായമായ വിലയ്ക്ക് ചുണ്ണാമ്പുകല്ല് ഇറക്കുമതി ചെയ്യുവാൻ കമ്പനി ശ്രമിക്കുന്നുണ്ട്. ഈ ശ്രമം ഫലവത്തായാൽ മാത്രമേ ക്ലിങ്കർ ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ക്ലിങ്കർ ന്യായമായ വിലയ്ക്ക് ഇന്ത്യയ്ക്ക് പുറത്തു നിന്ന് ലഭിക്കുവാനുള്ള ശ്രമം നടക്കുന്നുണ്ട്. അങ്ങനെ ലഭിച്ചാൽ മാത്രമേ Cement Grinding Unit (CGU) പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ന്യായമായ വിലയ്ക്കുള്ള ക്ലിങ്കറിന്റെ ലഭ്യത ഉറപ്പാക്കിയതിനു ശേഷം മാത്രമേ പുതിയ ഗ്രൈന്റിംഗ് യൂണിറ്റിനെപ്പറ്റി ആലോചിക്കുവാൻ സാധിക്കുകയുള്ളൂ. CGU പ്രവർത്തനം തുടങ്ങുന്നതിനെ പറ്റി വിശദമായി പഠിക്കുന്നതിനുവേണ്ടി ബോർഡിന്റെ ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കമ്മിറ്റി ജൂലൈ 30-ാം തീയതി ചേർത്തല വെച്ച് കൂടുകയും ഭാവി പരിപാടികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | 8 | വ്യവസായം | സർക്കാർ വകുപ്പുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സിമന്റ് ലഭ്യതയ്ക്കനുസരിച്ച് മലബാർ സിമന്റ്സിൽ നിന്നും വാങ്ങുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സമിതി ആവശ്യപ്പെട്ട അധികവിവരം<br><br>സിമന്റ് , നൽകിയ വകയിൽ കമ്പനിക്ക് ലഭിക്കാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയാണ്, ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നീ വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കുക. | മലബാർ സിമന്റ്സ് അതിന്റെ ഉല്പാദന പരിമിതി കണക്കിലെടുത്ത് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിനും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും സിമന്റ് മിതമായ വിലയ്ക്ക് നൽകിയിരുന്നു. ആ ഇനത്തിൽ 2.50 കോടി രൂപയോളം കമ്പനിക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഇനിയും കിട്ടാനുണ്ട്. മലബാർ സിമന്റ്സ് വർഷംതോറും ഉൽപ്പാദിപ്പിക്കുന്ന 6.25 ലക്ഷം ടൺ സിമന്റ് കേരളത്തിലേക്കാവശ്യമായ സിമന്റിന്റെ 10%-ൽ താഴെ മാത്രമേ വരുന്നുള്ളൂ. ആയതിനാൽ കേരളത്തിൽ സിമന്റ് വില നിയന്ത്രിക്കുന്നതിന് മലബാർ സിമന്റ്സിന് മാത്രമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. സിമന്റുൽപ്പാദനം ഉപഭോഗത്തേക്കാൾ കുറവായതിനാൽ സർക്കാർ ഡിപ്പാർട്ട്മെന്റുകളുടെയും സ്ഥാപനങ്ങളുടെയും നിർമ്മാണാവശ്യത്തിലേക്ക് വേണ്ട മുഴുവൻ സിമന്റും നൽകുന്നതിന് മലബാർ സിമന്റ്സിന് സാധിക്കുകയില്ല. എന്നിരുന്നാലും വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സിമന്റ്, ഡീലർ റേറ്റിൽ കമ്പനി നൽകിവരുന്നുണ്ട്.<br><br>മലബാർ സിമന്റ്സിന് വിവിധ സർക്കാർ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയ്ക്ക് കമ്പനി വിലയ്ക്ക് മുൻകൂർ പണം അടയ്ക്കുന്ന മുറയ്ക്ക് സിമന്റ് വിതരണം ചെയ്യുവാൻ കഴിയും. |

| | | | | |
|---|---|---|---|---|
| 6 | 10 | ,, | കമ്പനിക്കാവശ്യമായി വരുന്ന ഗുണമേന്മയുള്ള ചുണ്ണാമ്പുകല്ലിന്റെ പരമാവധി അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന് ഉൽപ്പാദനം നടത്തുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യണമെന്നും സംസ്ഥാനത്തെ ചുണ്ണാമ്പുകല്ലിന്റെ ചൂഷണം പരമാവധി കുറയ്ക്കണമെന്നും അങ്ങനെ കമ്പനി കൂടുതൽ കാലം ലാഭകരമായി പ്രവർത്തിക്കാൻ വേണ്ട സാഹചര്യം സൃഷ്ടിച്ച് കമ്പനിയുടെ ദീർഘകാല നിലനിൽപ്പ് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കമ്പനിക്കാവശ്യമായ ചുണ്ണാമ്പുകല്ല് തമിഴ്നാട് ഗവൺമെന്റിന്റെ കീഴിലുള്ള തമിഴ്നാട് മിനറൽസിൽ നിന്നും വാങ്ങുന്നുണ്ട്. ഇതിനു പുറമെ മറ്റു സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് ഉപയോഗിച്ചുവരുന്നു. |
| | | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u> | |
| | | | റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്ന കാര്യം വളരെ ലാഘവ ബുദ്ധിയോടുകൂടി കൈകാര്യം ചെയ്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. സിമന്റ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ല് സുലഭമായി ലഭിക്കുന്നതിന് തമിഴ്നാട്ടിൽ പൊതുമേഖലയുടെ കീഴിലുള്ള ചുണ്ണാമ്പുകല്ല് നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടെത്തി വിലയ്ക്ക് വാങ്ങുകയോ പാട്ടത്തിനെടുക്കുകയോ ചെയ്യണമെന്ന ശിപാർശയിൻമേൽ അടിയന്തര നടപടി സ്വീകരിച്ച് 2 മാസത്തിനകം വിവരം സമിതിയെ അറിയിക്കുക. | കമ്പനിയുടെ മൈൻസിലുള്ള ചുണ്ണാമ്പുകല്ല് ശേഖരം കുറവായതിനാൽ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കിട്ടാവുന്നത്ര വാങ്ങിയിരുന്നു. പക്ഷേ സെപ്റ്റംബർ 2008 മുതൽ ഫെബ്രുവരി 2010 വരെയുള്ള കാലയളവിൽ അവിടെ നിന്നും ലഭ്യമല്ലാതായി. എന്നാൽ 2011-12 വർഷത്തിൽ തമിഴ്നാട് മിനറൽസിന്റെ ടെണ്ടറിൽ പങ്കെടുത്ത് വിജയിക്കുകയും ഏകദേശം 5716 ടൺ സിമന്റ് ഗ്രേഡ് ലൈംസ്റ്റോൺ 2073 ടൺ സ്വീറ്റ്നെർ ഗ്രേഡ് ലൈംസ്റ്റോണും വാങ്ങിയിരുന്നു. 2012-13 സാമ്പത്തിക വർഷം 88758 ടൺ സിമന്റ് ഗ്രേഡ് ലൈംസ്റ്റോണും 1579 ടൺ സ്വീറ്റ്നെർ ഗ്രേഡ് ലൈംസ്റ്റോണും വാങ്ങിയിരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഈ സാമ്പത്തിക വർഷം (2013-14) മലബാർ സിമന്റ്സ് ലിമിറ്റഡ് ഇതുവരെ 10000 ടൺ സിമന്റ് ഗ്രേഡ് ലൈംസ്റ്റോൺ വാങ്ങിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷന്റെ സഹകരണത്തോടെ പുറംരാജ്യങ്ങളിൽ നിന്നും ലൈംസ്റ്റോൺ ഇറക്കുമതി ചെയ്യാനുള്ള ശ്രമവും നടന്നുവരുന്നു. |
| 7 | 11 | വ്യവസായം | സിമന്റ് നിർമ്മാണത്തിനാവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ല് സുലഭമായി കമ്പനിക്ക് ലഭിക്കുന്നതിന് തമിഴ്നാട്ടിൽ ചുണ്ണാമ്പുകല്ല് നിക്ഷേപമുള്ള പൊതുമേഖലയുടെ കീഴിലുള്ള സ്ഥലങ്ങൾ കണ്ടെത്തി അവ വിലയ്ക്കുവാങ്ങുകയോ ദീർഘകാല പാട്ടത്തിനെടുക്കുകയോ ചെയ്യാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അന്യസംസ്ഥാനങ്ങളിലുള്ള സ്ഥലങ്ങൾ വാങ്ങുകയോ പാട്ടത്തിനെടുക്കുകയോ ചെയ്യുന്നതിനെ സംബന്ധിച്ച് സാധ്യതകൾ ആരായുന്നതാണ്. തമിഴ്നാട്ടിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പക്കൽ ചുണ്ണാമ്പുകല്ല് നിക്ഷേപം ഉള്ള സ്ഥലങ്ങൾ വിൽപ്പനയ്ക്കായി ഒരു വർക്ക് ഓർഡർ M/s Geo Exploration Co. Ltd. എന്ന സ്ഥാപനത്തിന് ടെണ്ടർ ചെയ്തതിനുശേഷം നൽകിയിരുന്നു. അവരുടെ പഠന റിപ്പോർട്ട് പ്രകാരം തമിഴ്നാട്ടിൽ പൊതുമേഖലയുടെ പക്കൽ വിൽപ്പനയ്ക്കായുള്ള ചുണ്ണാമ്പുകല്ല് ശേഖര സ്ഥലങ്ങൾ ലഭ്യമല്ല. കൂടാതെ മറ്റ് ചുണ്ണാമ്പുകല്ല് ലഭ്യമായ സ്ഥലങ്ങളെല്ലാം വൻകിട സ്വകാര്യ സിമന്റ് |

| | | | | |
|---|---|---|---|---|
| | | | | ഉൽപ്പാദകരുടെ അധീനതയിലാണ്. എന്നിരുന്നാലും തമിഴ്നാട് Tamilnadu Minerals Ltd. (TAMIN) എന്ന PSU-ൽ നിന്നും കിട്ടാവുന്നത്ര ചുണ്ണാമ്പുകല്ല് നമ്മൾ വർഷംതോറും വാങ്ങാറുണ്ട്. |
| 8 | 12 | ,, | കഴിഞ്ഞ കുറെ വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് നിലനിർത്തുന്നതിനു വേണ്ട എല്ലാവിധ സാഹചര്യങ്ങളും വിശദമായി പരിശോധിച്ച് വിലയിരുത്തണമെന്നും ഈ നില തുടരാൻ വേണ്ട എല്ലാ പ്രവർത്തനങ്ങളും കമ്പനി മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കമ്പനിയുടെ ലാഭവും പ്രവർത്തനശേഷിയും നിലനിർത്തുവാനും ഉയർത്തുവാനും എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| | | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>കമ്പനിയുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; | മലബാർ സിമന്റ്സിന്റെ ഇപ്പോഴത്തെ ക്ലിങ്കർ ഉത്പാദനശേഷി 400000 ടൺ ആണ്. 2011-12 സാമ്പത്തിക വർഷത്തെ ഉത്പാദനം 356150 ടൺ ആയിരുന്നു. 2012-13 സാമ്പത്തിക |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | വർഷത്തെ ഉത്പാദന ലക്ഷ്യം 425000 ടൺ ആയിരുന്നെങ്കിലും ഉൽപ്പാദനം 408700 ടൺ ആയിരുന്നു. പ്രവർത്തനശേഷി ഇതിൽ കൂടുതൽ ഉയർത്തുവാനുള്ള സാധ്യത വളരെ കുറവാണ്. മാത്രവുമല്ല കമ്പനിയുടെ സ്വന്തം ചുണ്ണാമ്പുകല്ലിന്റെ ലഭ്യതയും ഖനിയുടെ കാലാവധി കണക്കിലെടുക്കുമ്പോൾ ക്ലിങ്കർ ഉത്പാദനം കൂട്ടുന്നതിനുള്ള മുതൽമുടക്കം അഭികാമ്യമല്ല. |
| 9 | 13 | വ്യവസായം | ഇന്ധന ഉപഭോഗം പരമാവധി കുറച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നൂതന സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഇതിനായി എനർജി ഓഡിറ്റ് നടത്തുവാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.<br><br>പുതുക്കിയ മറുപടി<br><br>ഇപ്പോഴത്തെ സാഹചര്യത്തിൽ ഇന്ധന ഉപഭോഗം കുറയ്ക്കണമെങ്കിൽ PRE-CALCINER പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിക്കണം. എന്നാൽ PRE-CALCINER പ്രവർത്തനക്ഷമമാകുമ്പോൾ ഉത്പാദനം കൂട്ടുന്നതായി വരും. അങ്ങനെയായാൽ ഇപ്പോഴുള്ള ചുണ്ണാമ്പുകല്ല് ശേഖരം വളരെ പെട്ടെന്ന് |

| | | | | |
|---|---|---|---|---|
| | | | | തന്നെ തീർന്നുപോകും. ആയതിനാലാണ് കമ്പനി ആ നിലയ്ക്ക് മുതിരാത്തത്. എന്നിരുന്നാലും ഇപ്പോഴത്തെ സാങ്കേതികവിദ്യയ്ക്ക് അകത്തുനിന്നു കൊണ്ടുതന്നെ പരമാവധി ഇന്ധനക്ഷമത കൈവരിക്കുവാൻ കമ്പനി ശ്രമിച്ചുവരുന്നു. |
| 10 | 14 | ,, | കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് വൈദ്യുതി കുറഞ്ഞ നിരക്കിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത കമ്പനി ആരായണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br><br>വൈദ്യുതി കുറഞ്ഞ നിരക്കിൽ ഉൽപ്പാദിപ്പിക്കാൻ കമ്പനി സ്വീകരിച്ച നടപടികളുടെ വിശദവിവരം അടിയന്തരമായി സമിതിയെ അറിയിക്കണമെന്നാവശ്യപ്പെട്ടു. | ഇതിനുള്ള സാധ്യതകൾ ആരായുന്നതാണ്.<br><br>വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കക്കാടംപൊയിൽ, ചാലിയാർ എന്നീ പ്രോജക്ടുകളെക്കുറിച്ച് പഠിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. അതിനു പുറമെ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പ്രോജക്ടായ തോട്ടയാറിലെ ചെറുകിട വൈദ്യുത പദ്ധതിയെക്കുറിച്ചും കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെയും വൈദ്യുത പദ്ധതിയെക്കുറിച്ചും വിശദമായി പരിശോധിക്കുകയുണ്ടായി. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | എല്ലാ ഭാഗങ്ങളിൽ നിന്നും കിട്ടിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് പല ഘട്ടങ്ങളിലായി നടന്ന ചർച്ചകളും കണക്കിലെടുത്ത് താഴെ പറയുന്ന തീരുമാനം കമ്പനി എടുക്കുകയുണ്ടായി. ഭീമമായ സാമ്പത്തിക ബാധ്യത വരുന്നതുകൊണ്ടും പ്രോജക്ടുകളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനുവേണ്ടിയും തീരുമാനം മാറ്റിവെച്ചു. അതുമാത്രമല്ല മലബാർ സിമന്റ്സിലെ നിലവിലുള്ള പവർ ഫാക്ടർ 0.98 എന്നത് 0.94 ആയി മെച്ചപ്പെടുത്തുവാൻ വേണ്ട നടപടികൾ ആരംഭിച്ചു. അതുമൂലം ഏകദേശം ഒരു ലക്ഷം രൂപയിലധികം കുറവ് വരുത്തുവാൻ സാധിച്ചു |
| 11 | 15 | വ്യവസായം | കമ്പനിയുടെ ലാഭം കുറഞ്ഞു വരുന്നതിനാൽ അനുബന്ധ വ്യവസായം എന്ന നിലയ്ക്ക് മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി പ്രയോജനപ്പെടുത്താൻ സാധിക്കുന്ന തരത്തിൽ ചാക്ക് ഉൽപ്പാദിപ്പിക്കുന്ന ഒരു സബ്സിഡിയറി യൂണിറ്റ് മലബാർ സിമന്റ്സിന്റെ കീഴിൽ ആരംഭിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കമ്പനിയുടെ ലാഭത്തിൽ കുറവ് വന്നിട്ടില്ല. 2005-06 സാമ്പത്തിക വർഷം 5 കോടിയായിരുന്നു ലാഭം. 2006-07 വർഷത്തിൽ 27 കോടിയും. 2007-08 സാമ്പത്തിക വർഷത്തിൽ 36 കോടി രൂപയുമാണ് ലാഭം. |

| | | | | |
|---|---|---|---|---|
| | | | **സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രസ്തുത ശിപാർശ നടപ്പാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു. | കമ്പനി വിപുലീകരണത്തിന്റെ ഭാഗമായി ഒരു പുതിയ ചാക്ക് ഉൽപ്പാദന യൂണിറ്റ് തുടങ്ങുന്നതിനെക്കുറിച്ച് ഒരു പഠനം നടത്തുകയും, 2007 വർഷത്തിൽ ചാക്ക് ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ കമ്പനി ചാക്കൊന്നിന് ചരക്ക് കൂലി/നികുതി അടക്കം നൽകുന്നത് 9.14 പൈസയും (PP Bags) 12.31 പൈസയുമാണ് (LP Bags). ഇത് പരിഗണിക്കുമ്പോൾ കമ്പനി സ്വന്തമായി ഒരു ചാക്ക് ഉത്പാദന കേന്ദ്രം തുടങ്ങുന്നത് ലാഭകരമല്ല എന്ന് മനസ്സിലാക്കുകയും സ്വന്തമായി ഉന്പാദന കേന്ദ്രം തുടങ്ങുന്നതിനേക്കാൾ ലാഭം പൊതുമാർക്കറ്റിൽ നിന്ന് വാങ്ങിക്കുന്നതാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. |
| 12 | 16 | ,, | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മലിനീകരണ നിയന്ത്രണ സംവിധാനം കമ്പനിയിൽ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. | മലിനീകരണ നിയന്ത്രണത്തിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. ഇനിയും ചില മേഖലകളിൽ കൂടി മലിനീകരണ നിയന്ത്രണത്തിനുള്ള സാധ്യതകൾ ആരാഞ്ഞ് നടപടികൾ സ്വീകരിക്കുന്നതാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | **പുതുക്കിയ മറുപടി**<br><br>ആധുനിക വിദ്യയുടെ സഹായത്തോടെ ഒരു REVERSE AIR BAG HOUSE (RABH) കമ്പനിയിൽ 2011 മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഈ പ്രോജക്ടിനെപ്പറ്റി ചില ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളതിനാൽ അതിനെപ്പറ്റി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തിവരുന്നു. ബാഗ് ഹൗസിൽ നിന്നും പിടിച്ചെടുത്ത പൊടി തിരിച്ച് കിലൻ സിസ്റ്റത്തിലേക്ക് കൊണ്ടുപോകുന്ന യന്ത്രസാമഗ്രികളിലാണ് പ്രധാനമായും പ്രശ്നങ്ങൾ നിലനിൽക്കുന്നത്. എന്നിരുന്നാലും ബാഗ് ഹൗസിന്റെ പ്രവർത്തനക്ഷമത സെൻട്രൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിക്കകത്തുതന്നെയാണ്. കൂടാതെ ഈ വർഷം സിമന്റ് മില്ലിലെ മലിനീകരണ നിയന്ത്രണ സംവിധാനം പുതിയതായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 13 | 17 | വ്യവസായം | വ്യവസായ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ കുറ്റമറ്റതാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സുരക്ഷാ സംവിധാനങ്ങൾ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുന്നുണ്ട്.<br><br>__പുതുക്കിയ മറുപടി__<br>ആധുനിക സാങ്കേതികവിദ്യകളായ വീഡിയോ റെക്കോർഡിങ്ങും മറ്റും സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി കമ്പനിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സെൻട്രൽ സേഫ്റ്റി കമ്മിറ്റി മെമ്പേഴ്സ് മറ്റു സിമന്റ് ഫാക്ടറികൾ സന്ദർശിച്ച് അവിടെ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ മനസ്സിലാക്കി അവ മലബാർ സിമന്റ്സിൽ നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു. |
| 14 | 18 | ,, | കമ്പനി സിമന്റ് ഉൽപ്പാദന വിതരണ രംഗത്ത് മുന്നേറ്റം നടത്തണമെന്നും കേരളത്തിന്റെ എല്ലാ ജില്ലകളിലും മലബാർ സിമന്റ്സിന്റെ ഉൽപ്പന്നങ്ങൾ എത്തിക്കാനും വിതരണം നടത്താനും കഴിയത്തക്കവിധം കമ്പനിയിൽ വികസന പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കമ്പനിയുടെ ഇപ്പോഴത്തെ ഉൽപ്പാദന ക്ഷമതയനുസരിച്ച് കേരളത്തിന്റെ സിമന്റ് ആവശ്യത്തിന്റെ 10%ത്തിൽ താഴെ മാത്രമാണ് കമ്പനി ഉൽപ്പാദിപ്പിക്കുന്നത്. കമ്പനി ഉൽപ്പാദിപ്പിക്കുന്ന സിമന്റ് കേരളത്തിന്റെ എല്ലാ ജില്ലകളിലും വിതരണം ചെയ്യുന്നുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>സിമന്റ് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കമ്പനി സ്വീകരിച്ച നടപടികൾ വിശദമാക്കുക. | കമ്പനിയുടെ ഇപ്പോഴത്തെ ഉല്പാദനക്ഷമതയനുസരിച്ച് കേരളത്തിന്റെ സിമന്റ് ആവശ്യത്തിന്റെ 8% മാത്രമേ ഇപ്പോൾ ഉത്പാദിപ്പിക്കുന്നുള്ളൂ. കമ്പനിയുടെ സുപ്രധാന മാർക്കറ്റായ കോഴിക്കോട് മുതൽ എറണാകുളം വരെയാണ് കൂടുതൽ സിമന്റ് കൊടുക്കുന്നത്. കമ്പനിയുടെ ഉൽപ്പന്നം ചെറിയ തോതിൽ കണ്ണൂർ, കാസർഗോഡ്, മറ്റു തെക്കൻ ജില്ലകളിലും വിൽക്കുന്നുണ്ട്. കമ്പനിയുടെ ഉൽപ്പന്നം കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വിൽപ്പന നടത്തുവാനുള്ള ശ്രമത്തിലാണ്. മാത്രമല്ല ഒരു സിമന്റ് മില്ല് കൂടി വാളയാറിൽ സ്ഥാപിച്ച് ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിലുമാണ്. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരേ വിലയ്ക്കാണ് ഉൽപ്പന്നം വിറ്റുവരുന്നത്. |
| 15 | 19 | വ്യവസായം | വളരെ ലാഭകരമായി പ്രവർത്തിച്ചു വരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിൽ മുൻകാലത്തുണ്ടായ അഴിമതി, ധൂർത്ത് എന്നിവയെക്കുറിച്ച് വിശദമായി അന്വേഷിക്കണമെന്നും, ഉദ്യോഗസ്ഥ സംവിധാനം | 2004-05, 2005-06 സാമ്പത്തിക വർഷത്തിലെ ചില ഇടപാടുകളെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിവരുന്നു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തക്ക തീരുമാനങ്ങൾ എടുക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | കറച്ചുകൂടി മെച്ചപ്പെടുത്തണമെന്നും, സ്ഥാപനത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണമെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>സമിതി ആവശ്യപ്പെട്ട അധികവിവരം<br><br>കമ്പനിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചോ എന്നും അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാനാവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു. | സ്ഥാപനത്തിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഇ-ടെണ്ടറിംഗ് മുതലായവ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വരുന്നു. കൂടാതെ, ആരോപണ വിധേയരായിട്ടുള്ള വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ കമ്പനി ഇപ്പോൾ യാതൊരു വിധത്തിലുള്ള കൊടുക്കൽ വാങ്ങൽ നടത്തുന്നില്ല. |

തിരുവനന്തപുരം,
2015 ജൂലൈ 2.

കെ. എൻ. എ. ഖാദർ,
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*